"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വകുപ്പിന് കീഴിൽ ഇടുക്കി തൊടുപുഴ ജി എച്ച് എസ് സ്കൂളിലെ HSST (ജൂനിയർ കമ്പ്യൂട്ടർ സയൻസ്) ആയ ശ്രീമതി. സിൽഡ ലോറൻസിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻഫോർമേഷൻ ഓഫീസർ തസ്തികയിൽ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.23/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 05/01/2021

പരാമർശം:- 1) 23.11.2018 ലെ സ.ഉ.(സാധാ) നം.2116/2018/ഉ.വി.വ. നമ്പർ ഉത്തരവ്.

2) 03.01.2020 ലെ സ.ഉ.(സാധാ) നം.12/2020/ഉ.വി.വ. നമ്പർ ഉത്തരവ്.

3) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 25.09.2020 ലെ Ad.C6/182169/2020/HSE നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.

4) പ്രവേശന പരീക്ഷാ കമ്മീഷണറുടെ 06.10.2020 തീയതിയിലെ ബി2/5021/2018/പ്ര.പ.ക. നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവ് പ്രകാരം, ഹയർ സെക്കന്ററി വകുപ്പിന് കീഴിൽ ഇടുക്കി തൊടുപുഴ ജി എച്ച് എസ് സ്കൂളിലെ HSST (ജൂനിയർ) (കമ്പ്യൂട്ടർ സയൻസ്) ആയ ശ്രീമതി. സിൽഡ ലോറൻസിനെ അന്യത്രസേവന വ്യവസ്ഥയിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻഫോർമേഷൻ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നതും, ഇതനുസരിച്ച് ടിയാൻ 28.11.2018 മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ച വരുന്നതുമാണ്. പ്രസ്തുത ഡെപ്യൂട്ടേഷൻ കാലാവധി പരാമർശം (2) പ്രകാരം ദീർഘിപ്പിച്ച നൽകിയിരുന്നു.

2. ശ്രീമതി. സിൽഡ ലോറൻസിന്റെ നിലവിലെ അന്യത്ര സേവനകാലാവധി, 27.11.2020 ന് അവസാനിച്ചതിനാൽ ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകണമെന്ന് പരാമർശം (4) ലെ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (3) പ്രകാരം ടിയാൾക്ക് മാതൃ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹയർ സെക്കന്ററി വകുപ്പിന് കീഴിൽ ഇടുക്കി തൊടുപുഴ ജി എച്ച് എസ് സ്കൂളിലെ HSST ( കമ്പ്യൂട്ടർ സയൻസ്, ജൂനിയർ ) ആയ ശ്രീമതി. സിൽഡ ലോറൻസിന്

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻഫോർമേഷൻ ഓഫീസർ തസ്തികയിലുള്ള അന്യത്രസേവന കാലാവധി, നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി, 28.11.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C AJAYAN

അഡിഷണൽ സെക്രട്ടറി

പകർപ്പ് :

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. സിൽഡ ലോറൻസ്, ഇൻഫോർമേഷൻ ഓഫീസർ (പ്രവേശനപരീക്ഷാ കമ്മീഷണർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ) വിവര-പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ